"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ ചന്ദനപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി ദീപ ജി. നായർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1965/2025/H&FWD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 2487/2021/ആ.കു.വ. തീയതി 10.11.2021
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.08.2023 ലെ (എൽ. ഡിസ്) എം.ആർ 1-34329/2022/ആ.വ.ഡ നമ്പർ കത്ത്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.06.2025 ലെ DHS/16306/ 2025-MR1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ ചന്ദനപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി ദീപ ജി. നായർക്ക് ലേക്-ഷോർ ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ചികിത്സയുമായി ബന്ധപ്പെട്ട് 20.12.2021 തീയതി മുതൽ 27.01.2022 തീയതി വരെയുള്ള ചികിത്സയ്ക്കായി ചെലവായ തുകയിൽ അനുവദനീയമായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. അപേക്ഷകയ്ക്ക് ടി ചികിത്സയ്ക്കായി പരാമർശം (1) പ്രകാരം മൂന്ന് ലക്ഷം രൂപ പലിശരഹിത ചികിത്സാ വായ്പയായി അനുവദിച്ചിരുന്നു. പലിശരഹിത ചികിത്സാ വായ്പയ്ക്കുള്ള മേലധികാരി സാക്ഷ്യപ്പെടുത്തിയ ഉപയുക്തതാ സർട്ടിഫിക്കറ്റ് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ ചന്ദനപ്പളളി കുടുംബാരോഗ്യ കേന്ദ്രത്തിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 ആയ ശ്രീമതി. ദീപ. ജി. നായർക്ക് കൊച്ചി ലേക് ഷോർ ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ചികിൽസയ്ക്കായി 20.12.2021 മുതൽ 27.01.2022 വരെ കാലയളവിൽ ചെലവായ തുകയിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹.5,87,651/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയേഴായിരത്തി അറുന്നൂറ്റി അമ്പത്തിയൊന്ന് രൂപാ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് കൊണ്ടും അനുവദനീയ തുകയിൽ അവശേഷിക്കുന്ന ₹.2,87,651/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി അറുന്നൂറ്റി അമ്പത്തിയൊന്ന് രൂപാ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ശ്രീമതി ദീപ ജി. നായർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് - 1, കുടുംബാരോഗ്യ കേന്ദ്രം, ചന്ദനപ്പള്ളി, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ചന്ദനപ്പള്ളി, പത്തനംതിട്ട
ട്രഷറി ഓഫീസർ, സബ് ട്രഷറി, അടൂർ
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (31.01.2024 ലെ 1911340-എൽ3/330/2021-ഫിൻ നമ്പർ പ്രകാരം)
വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Prijith. G
Date: 18-07-2025 16:55:44
സെക്ഷൻ ഓഫീസർ